(ബി)

1. വേതന വർദ്ധനവ്.

2. സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.

(സി&ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.ഡി.എസ്. പദ്ധതിയിൻ കീഴിൽ ഓണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സന്നദ്ധ പ്രവർത്തകരാണ് അങ്കണവാടി ജീവനക്കാർ. ഇവരുടെ വിവിധ ആവശ്യങ്ങൾ പരിഗണിക്കുന്ന കാര്യത്തിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ കൂട്ടായ തീരുമാനം ആവശ്യമാണ്.

വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കാൻ നടപടി

310 (1684) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ തുടങ്ങുമെന്ന പ്രഖ്യാപനം 2011-ലെ ബഡ്ജറ്റിൽ ഉണ്ടായിരുന്നുവോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത് പ്രകാരം എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സ്ഥാപിക്കപ്പെടാത്ത ജില്ലകൾ ഏതെല്ലാമാണ് ?

ഉത്തരം

(എ) വിമൻസ് ഹോസ്റ്റലും വർക്കിംഗ് വിമൻസ് ഹോസ്റ്റലും ആരംഭിക്കുന്നതിനായി തുക വകയിരുത്തുമെന്ന് 2011-12 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്ത് വനിതാ വികസന കോർപ്പറേഷന്റെകീഴിൽ നിലവിൽ തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലായി 9 ഹോസ്റ്റലുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

സാമൂഹ്യനീതിവകപ്പിലെ കരാർ ജീവനക്കാർ

311 (T 1685) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സാമൂഹ്യനീതിവകപ്പിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ എത്ര ; തസ്തിക തിരിച്ച് വിശദമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly